സുസ്ഥിര കേരളം പദ്ധതി

183(5772) ശ്രീ. പാലോട് രവി :

ശ്രീ. വി. റ്റി. ബൽറാം :

ശ്രീ. ജോസഫ് വാഴക്കൻ :

ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിസ്ഥിതി അവബോധം വളർത്തുന്നതിന് സുസ്ഥിരം കേരളം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ 2014-15 വർഷത്തിൽ ആവിഷ്കരിച്ചിട്ടുള്ള "ഹരിതശ്രീ" പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ് സുസ്ഥിര കേരളം (Sustainable Environment Plan for the Nature) പരിസ്ഥിതി വകുപ്പ്, വനം വകുപ്പ്, ബയോഡൈവേഴ്സിറ്റി ബോർഡ്, കുടുംബശ്രീ, ജനശ്രീ മിഷൻ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ വകുപ്പ്, സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ പങ്കാളിത്ത പരിസ്ഥിതി പ്രവർത്തന പദ്ധതികളിലൂടെയാണ് ഈ പദ്ധതി നടപ്പിലാക്കിയത്.

(ബി) സംസ്ഥാനത്തിന്റെ ഹരിതാഭ വർദ്ധിപ്പിച്ചും ജൈവവൈവിധ്യം പരിപോഷിപ്പിച്ചും ആവാസ വ്യവസ്ഥാ സേവനങ്ങൾ വർദ്ധിപ്പിച്ച അളവിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുമായി ഓരോ വ്യക്തിയും ഒരു മരമെങ്കിലും നടുകയും തുടർന്ന് അതിനെ പരിപാലിച്ച് അതിന്റെ അതിജീവനം ഉറപ്പുവരുത്തുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) സാമൂഹ്യവനവൽക്കരണ വിഭാഗത്തിൽ സുസ്ഥിര കേരളം പരിപാടിയിൻ കീഴിൽ 2014 ജൂൺ 5-ന് "ഹരിതശ്രീ" എന്ന പദ്ധതി ആവിഷ്കരിച്ച് രാവിലെ 10.30 മുതൽ 11.30 വരെയുള്ള ഒരു മണിക്കൂർ ഹരിത സമയത്ത് 10 ലക്ഷം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിന് ലക്ഷ്യമിട്ടിരുന്നു. എന്നാൽ, ടി ഹരിതസമയത്തിനുള്ളിൽ സംസ്ഥാനത്തൊട്ടാകെ 19.55 ലക്ഷം തൈകൾ നട്ടുപിടിപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly